# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6218 — 31-10-2011-ൽ മറുപടിക്ക്

## വൈദ്യുതി കുടിശ്ശികയും വൈദ്യുതി മോഷണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |

(എ) 2006 ഏപ്രിൽ മാസം 30-ാം തീയതിയിലെ കണക്ക് പ്രകാരം വിദ്യുച്ഛക്തി ചാർജിനത്തിൽ സംസ്ഥാന സർക്കാരിന് എത്ര രൂപ കുടിശ്ശിക പിരിഞ്ഞുകിട്ടുവാനുണ്ടായിരുന്നു; പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എ) 1477.37 കോടി രൂപ പിരിഞ്ഞ് കിട്ടുവാനുണ്ടായിരുന്നു. ടി കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- (i) കുടിശ്ശിക ഒടുക്കാത്ത സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക.
- (ii) തവണകളായി കുടിശ്ശിക ഒടുക്കുവാനുള്ള സൗകര്യം അനുവദിക്കുക.
- (iii) കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണയായി കുടിശ്ശിക ഒടുക്കുവാനുള്ള സൗകര്യം നല്കുക.
- (iv) പൂട്ടിക്കിടന്ന എച്ച്.റ്റി വ്യവസായ ശാലകൾ, പ്ലാന്റേഷനുകൾ എന്നിവ തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ മിനിമം ഡിമാന്റ് ചാർജ് ഒഴിവാക്കി നല്കുക.
- (v) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.
- (vi) റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുക.

(ബി) 2011 മാർച്ച് 31-ാം തീയതിയിലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ് കുടിശ്ശിക എത്രയായിരുന്നു; വിശദമാക്കാമോ;

(ബി) 2011 മാർച്ച് 31-ാം തീയതിയിലെ കണക്ക് പ്രകാരം വൈദ്യുതി ചാർജ് കുടിശ്ശിക 1191.01 കോടി രൂപയാണ്. ഈ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| (i) | സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 146.19 കോടി രൂപ |

| | | |
|---|---|---|
| (ii) | സംസ്ഥാന പൊതുമേഖലയും സഹകരണ സ്ഥാപനങ്ങളും | 407.89 കോടി രൂപ |
| (iii) | പൊതുമേഖലാ സ്ഥാപനങ്ങൾ | 7.70 കോടി രൂപ |
| (iv) | കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 1.86 കോടി രൂപ |
| (v) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 17.01 കോടി രൂപ |
| (vi) | അന്തർ സംസ്ഥാന ഊർജ്ജം | 5.19 കോടി രൂപ |
| (vii) | സ്വകാര്യ സ്ഥാപനങ്ങൾ | 589.26 കോടി രൂപ |
| (viii) | ലൈസൻസികൾ | 15.91 കോടി രൂപ |
| ആകെ | | 1191.01 കോടി രൂപ |

(ആയിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി ഒന്നു കോടി ഒരു ലക്ഷം രൂപ മാത്രം)

(സി) 2006-2011 കാലയളവിൽ കണ്ടുപിടിച്ച വൈദ്യുതി മോഷണമെത്ര; എത്ര രൂപ പിഴയായി ഈടാക്കി എന്നിവ വ്യക്തമാക്കാമോ;

(സി) 2006-2011 കാലയളവിൽ 4328 വൈദ്യുതി മോഷണം കണ്ടെത്തുകയും 23,36,46,696/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2011 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ എത്ര വൈദ്യുതി മോഷണങ്ങൾ കണ്ടുപിടിച്ചു; എത്ര രൂപ പിഴയായി ഈടാക്കി എന്നിവ വ്യക്തമാക്കാമോ?

(ഡി) 2011 ജൂൺ 1 മുതൽ സെപ്തംബർ 30 വരെ 116 വൈദ്യുതി മോഷണങ്ങൾ കണ്ടുപിടിക്കുകയും ആയതിന് 67,04,624/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ